# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE:02.04.2024**

### പ്രധാനവാർത്തകൾ

1. കേരളത്തിൽ നാമനിർദ്ദേശ പത്രികാ സമർപ്പണം പൂർത്തിയാവാൻ രണ്ടു ദിവസം കൂടി മാത്രം. 42 പത്രികകൾ ഇന്ന് സ്വീകരിച്ചു.

2. സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി മുന്നണികൾ, മണ്ഡലപര്യടനം തുടർന്ന് പ്രമുഖ നേതാക്കൾ.

2. സംസ്ഥാനത്തെ നാല് ജില്ലകളിൽ മാനസികാരോഗ്യ അവലോകന ബോർഡുകൾ പ്രവർത്തനം ആരംഭിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ്.

4. മദ്യ നയ അഴിമതിക്കേസിൽ ആം ആദ്മി പാർട്ടി നേതാവ് സഞ്ജയ് സിംഗിന് സുപ്രീം കോടതി ജാമ്യം അനുവദിച്ചു

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു ലക്നൗ സൂപ്പർ ജയൻറ്സിനെ നേരിടും.

6. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള, തമിഴ്നാട് തീരങ്ങളിൽ ഇന്ന് ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യത.

$$$$$$$$$$$$$$$$

PNU TVPM

ഹെഡ് ലൈൻ -1

**സഞ്ജയ് കൗൾ**

സംസ്ഥാനത്ത് നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിന് രണ്ട് ദിവസം മാത്രം അവശേഷിക്കേ, 42 നാമനിർദ്ദേശ പത്രിക കൂടി ഇന്ന് സ്വീകരിച്ചു. തിരുവനന്തപുരത്ത് 6 ഉം , കൊല്ലം, കോട്ടയം, തൃശൂർ, വയനാട് എന്നിവിടങ്ങളിൽ 4 ഉം, മാവേലിക്കര, ചാലക്കുടി , പാലക്കാട്, കാസർകോട് മണ്ഡലങ്ങളിൽ 3 ഉം വീതം പത്രികകളാണ് ഇന്ന് സ്വീകരിച്ചത്. കോഴിക്കോട് 2 ഉം ആറ്റിങ്ങൽ ആലപ്പുഴ, ഇടുക്കി എറണാകുളം വടകര കണ്ണൂർ മണ്ഡലങ്ങളിൽ ഓരോ പത്രികയും വീതം സ്വീകരിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. മാർച്ച് 28 ന് നാമനിർദ്ദേശ പത്രികാ സമർപ്പണം തുടങ്ങിയതു മുതൽ ഇതുവരെ സംസ്ഥാനത്ത് ആകെ 56 സ്ഥാനാർത്ഥികളാണ് പത്രിക സമർപ്പിച്ചത്. പത്രികകളുടെ സൂക്ഷ്മ പരിശോധന വെള്ളിയാഴ്ച നടക്കും.

$$$$$$$$$$$$$$$$$

PRD TVPM

ഹെഡ് ലൈൻ -2

**നാമനിർദ്ദേശപത്രിക (1)**

**തിരുവനന്തപുരം** പാർലമെൻറ് മണ്ഡലത്തിൽ എൽ. ഡി. എഫ് സ്ഥാനാർഥി പന്ന്യൻ രവീന്ദ്രൻ ഇന്ന് പത്രിക സമർപ്പിച്ചു. യു.ഡി.എഫ് സ്ഥാനാർത്ഥി ശശി തരൂർ നാളെയും എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ മറ്റന്നാളും നാമനിർദേശ പത്രിക സമർപ്പിക്കും. **ആറ്റിങ്ങൽ** മണ്ഡലത്തിൽ എൽ ഡി. എഫ് സ്ഥാനാർഥി വി.ജോയ് നാളെയും യു ഡി. എഫ് സ്ഥാനാർഥി അടൂർ പ്രകാശ് മറ്റന്നാളും പത്രിക സമർപ്പിക്കും. വയനാട്ടിൽ യുഡിഎഫ് സ്ഥാനാർഥി രാഹുൽഗാന്ധിയും എൽഡിഎഫ് സ്ഥാനാർഥി ആനി രാജയും നാളെ പത്രിക സമർപ്പിക്കും. എൻഡിഎ സ്ഥാനാർത്ഥിയും ബിജെപി സംസ്ഥാന പ്രസിഡണ്ടുമായ കെ സുരേന്ദ്രൻ മറ്റന്നാളാണ് പത്രിക സമർപ്പിക്കുക. **കോഴിക്കോട്** എൽ ഡി എഫ് സ്ഥാനാർഥി എളമരം കരീമും, എൻ ഡി എ സ്ഥാനാർഥി എം ടി രമേശും നാളെ നാമനിർദേശ പത്രിക സമർപ്പിക്കും. യുഡി എഫ് സ്ഥാനാർഥി എം കെ .രാഘവൻ കഴിഞ്ഞ ദിവസം പത്രിക നൽകിയിരുന്നു. **വടകരയിൽ** എൽ ഡി എഫ് സ്ഥാനാർഥി കെ.കെ.ശൈലജ നാളെ രാവിലെ പത്രിക സമർപ്പിക്കും. യു ഡി എഫ്

സ്ഥാനാർഥി ഷാഫി പറമ്പിൽ മറ്റന്നാളാണ് പത്രിക സമർപ്പിക്കുക. എൻ ഡി എ സ്ഥാനാർഥി സി ആർ പ്രഫുൽ കൃഷ്ണനും നാളെ പത്രിക സമർപ്പിക്കും.

$$$$$$$$$$$$$$$$$

<u>നാമനിർദ്ദേശപത്രിക (2)</u>

**പത്തനംതിട്ട** ലോക്സഭാ മണ്ഡലത്തിൽ യു.ഡി.എഫ് സ്ഥാനാർഥി ആന്റോ ആൻറണി, എൻ.ഡി.എ സ്ഥാനാർഥി അനിൽ കെ. ആന്റണി എന്നിവർ നാളെ പത്രിക സമർപ്പിക്കും. ജില്ലയിലെ എൽ ഡി എഫ് സ്ഥാനാർത്ഥിയായ ടി എം തോമസ് ഐസക് കഴിഞ്ഞദിവസം പത്രിക സമർപ്പിച്ചിരുന്നു. . **ഇടുക്കിയിൽ** എൻ.ഡി.എ സ്ഥാനാർത്ഥി സംഗീത വിശ്വനാഥൻ ഇന്ന് നാമനിർദ്ദേശപത്രിക സമർപ്പിച്ചു. യു .ഡി .എഫ് .സ്ഥാനാർഥി ഡീൻ കുര്യാക്കോസ് നാളെയും എൽ.ഡി. എഫ് സ്ഥാനാർഥി ജോയ്സ് ജോർജ് മറ്റന്നാളും പത്രിക സമർപ്പിക്കും. **കണ്ണൂരിൽ** യു.ഡി.എഫ് സ്ഥാനാർത്ഥി കെ സുധാകരനും ,എൽ.ഡി.എഫ് സ്ഥാനാർത്ഥി എം. വി. ജയരാജനും എൻ ഡി എ സ്ഥാനാർത്ഥി സി. രഘുനാഥും നാളെ നാമനിർദ്ദേശപത്രിക സമർപ്പിക്കും. പാലക്കാട് എൽ.ഡി.എഫ് സ്ഥാനാർഥി എ. വിജയരാഘവൻ ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. യുഡിഎഫ് സ്ഥാനാർഥി വി.കെ.ശ്രീകണ്ഠൻ നാളെയും എൻ.ഡി.എ സ്ഥാനാർഥി സി.കൃഷ്ണകുമാർ വ്യാഴാഴ്ചയും പത്രിക സമർപ്പിക്കും.

RNU TVPM

$$$$$$$$$$$$$$$$$

<u>മണ്ഡലങ്ങളിലൂടെ ആറ്റിങ്ങൽ (ഇൻട്രോ)</u>

തിരുവനന്തപുരം ജില്ലയിലെ രണ്ടാമത്തെ ലോക് സഭാ മണ്ഡലമായ ആറ്റിങ്ങലിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി. ആദ്യ ഘട്ട പ്രചാരണം അവസാനിക്കുമ്പോൾ മൂന്നു മുന്നണികളുടെ സ്ഥാനാർത്ഥികളും മണ്ഡലത്തിൽ സജീവ പ്രവർത്തങ്ങളുമായി മുന്നേറുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്.........**

(വോയിസ്)

$$$$$$$$$$$$$$$$

**മുഖ്യമന്ത്രി**

മലപ്പുറം ജില്ലയിലെ പെരിന്തൽ മണ്ണ, മഞ്ചേരി, കൊണ്ടോട്ടി എന്നിവിടങ്ങളിൽ ഇന്ന് നടന്ന എൽഡിഎഫ് പ്രചാരണ യോഗങ്ങളെ മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയൻ അഭിസംബോധന ചെയ്തു. കോൺഗ്രസിനും ബിജെപിയ്ക്കും എതിരെ രൂക്ഷവിമർശനമാണ് അദ്ദേഹം നടത്തിയത്. രാജ്യത്ത് ബിജെപിക്ക് വളരാൻ സാഹചര്യമൊരുക്കിയത് കോൺഗ്രസാണെന്ന് അദ്ദേഹം ആരോപിച്ചു. എൽ ഡി. എഫ് പ്രചാരണത്തിനായി നാളെ ഇടുക്കിയിൽ മൂന്ന് പൊതുസമ്മേളനങ്ങളിൽ ശ്രീ പിണറായി വിജയൻ പങ്കെടുക്കും.

$$$$$$$$$$$$$$$$

**വി.മുരളീധരൻ**

കടലേറ്റ ഭീഷണി നേരിടുന്ന അഞ്ചുതെങ്ങിൽ സന്ദർശനം നടത്തി കേന്ദ്ര സഹമന്ത്രിയും ബിജെപി ആറ്റിങ്ങൽ ലോക്സഭാ സ്ഥാനാർത്ഥിയുമായ വി.മുരളീധരൻ. പൂത്തുറയിൽ എത്തിയ അദ്ദേഹം വിഷയത്തിൽ ഇടപെടാൻ സംസ്ഥാന സർക്കാരിന് കേന്ദ്രമന്ത്രാലയം നിർദേശം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കി . കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാലയെ നേരിട്ട് കാര്യങ്ങൾ ധരിപ്പിച്ചിട്ടുണ്ടെന്നും പ്രദേശത്ത് കേന്ദ്ര ഉദ്യോഗസ്ഥ സംഘം സന്ദർശിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

RNUTVPM

$$$$$$$$$$$$$$$$

**ചീഫ് സെക്രട്ടറി**

മാതൃകാ പെരുമാറ്റച്ചട്ട മാനദണ്ഡ നിർവ്വചനത്തിൽ വ്യക്തത ആവശ്യമായ ഗൌരവതരമായ ഫയലുകൾ മാത്രമേ അപ്പീലിനായി കമ്മീഷന്റെ ഉന്നതാധികാര നിരീക്ഷണ സമിതിയ്ക്ക് സമർപ്പിക്കാവൂ എന്ന് ചീഫ് സെക്രട്ടറി വി.വേണു തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ ഓർമ്മിപ്പിച്ചു. കീഴ്ഘടകങ്ങളിൽ പരിഹരിക്കാവുന്നതും ഗൌരവതരമല്ലാത്തതുമായ പരാതികളും നിരീക്ഷണ സമിതിയിലേക്ക് കൈമാറുന്നത് സമിതിയുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തുന്നതിന് കാരണമാകുമെന്നും ഇതിനെ ഗൌരവത്തോടെ കണ്ട്, നടപടി സ്വീകരിക്കുമെന്നും ചീഫ് സെക്രട്ടറി ഉത്തരവിൽ അറിയിച്ചു.

$$$$$$$$$$$$$$$$$

**തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി**

മന്ത്രി പി എ മുഹമ്മദ് റിയാസിനെതിരെ യു ഡി എഫ് തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകി.കോഴിക്കോട് കായിക മേഖലയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച പരിപാടിയിൽ മന്ത്രിയുടെ പ്രസംഗത്തിൽ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടലംഘനം നടത്തിയെന്ന് ആരോപിച്ചാണ് പരാതി നൽകിയത്. എന്നാൽ ആരോപണം അടിസ്ഥാന രഹിതമാണെന്ന് മന്ത്രി മാധ്യമങ്ങളോട് പ്രതികരിച്ചു.

$$$$$$$$$$$$$$$$$

ഹെഡ് ലൈൻ -3

**മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡ്**

സംസ്ഥാനത്ത് മാനസികാരോഗ്യ അവലോകന ബോർഡുകളുടെ പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ റിവ്യൂ ബോർഡുകളുടെ പ്രവർത്തനമാണ് ആരംഭിച്ചത്. മാനസിക രോഗമുള്ള വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഒരു ക്വാസി ജ്യുഡിഷൽ സംവിധാനമാണ് മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡ്. സംസ്ഥാനത്ത് ഇവയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുവാൻ ആരോഗ്യ മന്ത്രി വീണാ ജോർജ് നിർദേശം നൽകിയിരുന്നു. വ്യക്തികൾക്ക് മാനസികാരോഗ്യ പരിചരണവും, സേവനങ്ങളും നൽകുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നിറവേറ്റുന്നതിനുമാണ് മാനസികാരോഗ്യ അവലോകന ബോർഡുകൾ സ്ഥാപിച്ചത്.

RIUTVPM

$$$$$$$$$$$$$$$$$

ഹെഡ് ലൈൻ -4

**സഞ്ജയ് സിംഗ് -ജാമ്യം**

മദ്യ നയ അഴിമതിക്കേസിൽ ആം ആദ്മി പാർട്ടി നേതാവും രാജ്യസഭാ എംപിയുമായ സഞ്ജയ് സിംഗിന് സുപ്രീം കോടതി ജാമ്യം അനുവദിച്ചു. ജസ്റ്റിസ് സഞ്ജീവ് ഖന്ന നേതൃത്വം നൽകുന്ന മൂന്നംഗ ബെഞ്ചാണ് ജാമ്യം അനുവദിച്ചത് . ജാമ്യ കാലയളവിൽ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സഞ്ജയ് സിംഗിന് പങ്കെടുക്കാമെന്നും എന്നാൽ ഇഡി അന്വേഷണത്തെക്കുറിച്ച് പരസ്യ പ്രസ്താവന നടത്തരുതെന്നും കോടതി പറഞ്ഞു. മോചനത്തിനുള്ള വ്യവസ്ഥകൾ വിചാരണക്കോടതിയാണ് നിശ്ചയിക്കേണ്ടതെന്നും സുപ്രീം കോടതി വ്യക്തമാക്കി. .കഴിഞ്ഞ വർഷം

ഒക്ടോബറിലാണ് സഞ്ജയ് സിംഗിനെ അറസ്റ്റ് ചെയ്ത് ഡൽഹി തിഹാർ ജയിലിലേക്ക് അയച്ചത്.

$$$$$$$$$$$$$$$$$

## പതഞ്ജലി

തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പരസ്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട കേസിൽ പതഞ്ജലി ആയുർവേദയ്ക്കെതിരെ രൂക്ഷ വിമർശനമുയർത്തി സുപ്രീംകോടതി. അലോപ്പതി ചികിത്സാ രീതികളെ വിമർശിച്ചു കൊണ്ടും, ചില രോഗങ്ങൾ ഭേദമാക്കുമെന്ന അവകാശവാദം ഉന്നയിച്ചും പതഞ്ജലി നടത്തുന്ന പ്രചാരണങ്ങൾക്കെതിരെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. ഇത്തരം പരസ്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കാത്തത് എന്തു കൊണ്ടാണെന്ന് കേന്ദ്ര ആയുഷ് മന്ത്രാലയത്തോട് കോടതി ആരാഞ്ഞു

$$$$$$$$$$$$$$$$$

## വി.ഡി സതീശൻ

കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയ്ക്ക് കാരണം 2016 മുതൽ 2021 വരെയുള്ള സംസ്ഥാന സർക്കാരിൻറെ നടപടികളാണെന്ന പ്രതിപക്ഷ ആരോപണം സുപ്രീം കോടതി ശരിവച്ചതായി പ്രതിപക്ഷനേതാവ് വി.ഡി സതീശൻ. സാമ്പത്തിക പ്രതിസന്ധി ചൂണ്ടിക്കാട്ടി സുപ്രീം കോടതിയിൽ പോയ സംസ്ഥാന സർക്കാർ വടി കൊടുത്ത് അടി വാങ്ങിയ അവസ്ഥയിലാണെന്നും പ്രതിപക്ഷനേതാവ് തിരുവല്ലയിൽ വാർത്താസമ്മേളനത്തിൽ ആരോപിച്ചു.

നികുതി പിരിവിലെ പരാജയവും ദുർ ചെലവുമാണ് സംസ്ഥാനത്തെ ഗുരുതര ധനപ്രതിസന്ധിക്ക് കാരണമെന്നും, നികുതി ഭരണ സംവിധാനം പുനസംഘടിപ്പിക്കാത്തതാണ് വരുമാനം കൂടാത്തതിന് കാരണമെന്നും അദ്ദേഹം വിമർശിച്ചു.
എസ്.ഡി.പി.ഐയുമായി യു.ഡി.എഫ് ഒരു ധാരണയും ഉണ്ടാക്കിയിട്ടില്ലെന്നും തീവ്രവാദ സ്വഭാവമുള്ള ഒരു സംഘടനയുമായും യു.ഡി.എഫ് ചർച്ച നടത്തിയിട്ടില്ലെന്നും ശ്രീ വി.ഡി സതീശൻ പറഞ്ഞു.

$$$$$$$$$$$$$$$$$

## മൗലവി വധക്കേസ്

റിയാസ് മൗലവി വധക്കേസ് ഉന്നതപോലീസ് സംഘം പുനഃരന്വേഷിക്കണമെന്ന് കെപിസിസി ആക്ടിംഗ് പ്രസിഡന്റ് എംഎം ഹസൻ. കേസിൽ പോലീസും പ്രോസിക്യൂഷനും പരാജയപ്പെട്ടെന്നാണ്

PNU TVPM

വിചാരണ കോടതി വ്യക്തമാക്കിയതെന്നും, കേസിൽ യുഎപിഎ ചുമത്താതിരുന്നത് വ്യക്തമായ അന്തർധാരയുടെ അടിസ്ഥാനത്തിലാണെന്നും അദ്ദേഹം ആരോപിച്ചു.

$$$$$$$$$$$$$$$$$

**പച്ചമലയാളം**

സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടപ്പാക്കുന്ന പച്ചമലയാളം അടിസ്ഥാന സർട്ടിഫിക്കറ്റ് കോഴ്സിന്റെ രജിസ്ട്രേഷൻ തീയതി ഈമാസം 30 വരെ ദീർഘിപ്പിച്ചു. നിലവിലുണ്ടായിരുന്ന നാലുമാസം ദൈർഘ്യമുള്ള കോഴ്സിനെ അടിസ്ഥാന കോഴ്സ്, അഡ്വാൻസ്ഡ് കോഴ്സ് എന്നിങ്ങനെ ഒരു വർഷം ദൈർഘ്യമുള്ള രണ്ട് കോഴ്സായി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിലാണ് പരിഷ്കരിച്ചത്. സാക്ഷരതാമിഷന്റെ പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് ഒരു തുല്യതാകോഴ്സാണ്. സർക്കാർ ജീവനക്കാർക്ക് പത്താം ക്ലാസ് മലയാളപഠനം നിർബന്ധമാക്കിയ പശ്ചാത്തലത്തിലാണ് കോഴ്സിന്റെ പരിഷ്കരണം.

$$$$$$$$$$$$$$$$$

RNU TVPM

**ഹെഡ് ലൈൻ -5**

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു ലക്നൗ സൂപ്പർ ജയൻറ്സിനെ നേരിടും. ബംഗളുരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാത്രി 07.30 നാണ് മത്സരം.

$$$$$$$$$$$$$$$$$

**ഐ എസ് എൽ**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ് സി ഒഡീഷയെ നേരിടും . രാത്രി 7 .30 ന് ഒഡിഷയിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

$$$$$$$$$$$$$$$$$

**ഹെഡ് ലൈൻ -6**

**കള്ളക്കടൽ**

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള, തമിഴ്നാട് തീരങ്ങളിൽ ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണം. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. ബോട്ട്, വള്ളം, മുതലായവ ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കണമെന്നും നിർദേശമുണ്ട്. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണം .

$$$$$$$$$$$$$$$$

<u>താപനില</u>

സംസ്ഥാനത്ത് കടുത്ത ചൂട് തുടരുന്നു. കൊല്ലം, പാലക്കാട് ജില്ലകളിൽ അടുത്ത നാല് ദിവസം കൂടി താപനില 39 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്.

പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും, ആലപ്പുഴ, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് വ്യക്തമാക്കി.

$$$$$$$$$$$$$$$$

<u>ഓഹരി /സ്വർണം</u>

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം .ബോംബെ ഓഹരി സൂചിക സെൻസെക്സ് 111 പോയിന്റ് താഴ്ന്ന് 73,904 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 9 പോയിന്റ് നഷ്ടത്തിൽ 22,453 ലും വ്യാപാരം അവസാനിപ്പിച്ചു . സ്വർണ്ണവില കുറഞ്ഞു. പവന് 200 രൂപ താഴ്ന്ന് 50,680 രൂപയും ഗ്രാമിന് 6,335 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$

$$$$$$$$$$$$$

$$$$$$$$$$

RNU TVPM